പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 312 | 28/10/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## ഭക്ഷണ സാധനങ്ങളിലെ മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) | ഭക്ഷണ സാധനങ്ങളിലെ മായം (പ്രത്യേകിച്ച് വെളിച്ചെണ്ണ, കറിമസാലകൾ, ശർക്കര എന്നിവയിലെ മായം) ചേർക്കലിനെതിരെ നടപടി ശക്തമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | വെളിച്ചെണ്ണ, കറിമസാല, ശർക്കര എന്നിവയുൾപ്പെടെയുള്ള ഭക്ഷണസാധനങ്ങളിലെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തുകയും, ഗുണമേന്മ ഇല്ലായെന്ന് ക ണ്ടെത്തിയിട്ടുള്ള വെളിച്ചെണ്ണയുടെ ഉൽപാദനം, സംഭരണം, വിതരണം, വിൽപന എന്നിവ സംസ്ഥാനത്ത് നിരോധിച്ചിട്ടുമുണ്ട്. കറിമസാലകളുടെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നു. ശർക്കരയിലെ മായം കണ്ടെത്തുന്നതിന് 'ഓപ്പറേഷൻ പനേല' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തു കയും, പ്രസ്തുത പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ അടങ്ങിയ ശർക്കര നിർമ്മിച്ച് വിതരണം നടത്തിയവർക്കെതിരെയും വിൽപന നടത്തിയവർക്കെതിരെയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. |
| ബി) | വ്യാപകമായ തോതിൽ മായം ചേർക്കുന്ന സാധനങ്ങൾ കണ്ടെത്തി നശിപ്പിക്കുവാനും വില്പന നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാനും സംസ്ഥാനതലത്തിൽ എന്തെല്ലാം സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ? | ബി) | ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന സാധനങ്ങൾ ചില സാഹചര്യങ്ങളിൽ നശിപ്പിക്കാറുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ വച്ച് ഇങ്ങനെ കണ്ടെത്തുന്ന സാധനങ്ങൾ അതാത് സംസ്ഥാനങ്ങളിലേയ്ക്ക് തിരികെ അയക്കാറുമുണ്ട്. ഉപയോഗിച്ച എണ്ണ, ഉല്പന്നം എന്ന നിലയിൽ 'റീ പർപ്പസ് യൂസ്ഡ് കുക്കിങ് ഓയിൽ (RUCO)' പദ്ധതിയിലൂടെ ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ യുടെ അംഗീകൃത ഏജൻസികൾക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും അല്ലാതെയും സംസ്ഥാനത്തുടനീളം നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ ആരോഗ്യത്തിന് ഹാനികരമാകുന്ന തരത്തിൽ വിൽപന നടത്തുന്നവർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് അഡ്ജൂഡിക്കേഷൻ/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ